## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639** **26-10-2021 - ൽ മറുപടിയ്ക്ക്**

## തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനലിലെ കടമുറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനലിൽ നിലവിലുള്ള കടമുറികൾ, ലേലത്തിൽ പോയവ, ശേഷിക്കുന്നവ എന്നിവ എത്രയെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി സംയുക്ത സംരംഭമായി ബി.ഒ.റ്റി വ്യവസ്ഥയിൽ പണികഴിപ്പിച്ച തമ്പാനൂർ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ വാടകയ്ക്ക് നൽകുവാനുള്ള സ്ഥലം 98825ചതുരശ്ര അടി ആണ്. അതിൽ 85756 ചതുരശ്ര അടി സ്ഥലം വാടകയ്ക്ക് ടെൻഡർ വഴി അനുവദിച്ചിട്ടുള്ളതും ശേഷിക്കുന്നത് 13069 ചതുരശ്ര അടിയുമാണ്. ബി.ഒ.ടി വ്യവസ്ഥയിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് കെ.ടി.ഡി.എഫ്. സിയാണ്. |
| (ബി) | ലേലത്തിൽ പോകാത്ത കടമുറികൾ പിന്നാക്ക വിഭാഗത്തിലുള്ള വ്യക്തികൾ/സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി വാടകയ്ക്ക് കൊടുക്കുവാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണോ; വിശദമാക്കാമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി ഒരു Grant – In- Aid സ്ഥാപനമല്ല. പൊതുജനങ്ങളിൽ നിന്നും പലിശക്ക് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിച്ചിട്ടുള്ളത്. സമയബന്ധിതമായി നിക്ഷേപങ്ങളും, പലിശയും തിരികെ നൽകേണ്ട ബാധ്യത കെ.ടി.ഡി.എഫ്.സിയ്ക്കുള്ളതിനാൽ ഒരു വിഭാഗത്തിനും മുൻഗണന നൽകാറില്ല. ഇ-ടെൻഡറിൽ മത്സരാധിഷ്ഠിതമായി ഏറ്റവും ഉയർന്ന വാടക രേഖപ്പെടുത്തുന്ന വ്യക്തികൾ / സ്ഥാപനങ്ങൾക്ക് ആണ് സ്പേയ്സുകൾ വാടകയ്ക്ക് അനുവദിക്കുന്നത്. ആയതിനാൽ ആർക്കും വാടകയിൽ യാതൊരുവിധ ഇളവും നൽകാൻ കഴിയില്ല. |
| (സി) | കടമുറികളുടെ ലേല തുകയിൽ ഇളവ് വരുത്തി പിന്നാക്ക വിഭാഗങ്ങൾ/സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണോയെന്ന് വ്യക്തമാക്കാമോ; | (സി) | കെ.റ്റി.ഡി.എഫ്.സി ഒരു Grant – In- Aid സ്ഥാപനമല്ല. പൊതുജനങ്ങളിൽ നിന്നും പലിശക്ക് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിച്ചിട്ടുള്ളത്. സമയബന്ധിതമായി നിക്ഷേപങ്ങളും, പലിശയും തിരികെ നൽകേണ്ട ബാധ്യത |

| | | | |
|---|---|---|---|
| | | | കെ.ടി.ഡി.എഫ്.സിയ്ക്കുള്ളതിനാൽ ഒരു വിഭാഗത്തിനും മുൻഗണന നൽകാറില്ല. ഇ-ടെൻഡറിൽ മത്സരാധിഷ്ഠിതമായി ഏറ്റവും ഉയർന്ന വാടക രേഖപ്പെടുത്തുന്ന വ്യക്തികൾ / സ്ഥാപനങ്ങൾക്ക് ആണ് സ്പേയ്സുകൾ വാടകയ്ക്ക് അനുവദിക്കുന്നത്. ആയതിനാൽ ആർക്കും വാടകയിൽ യാതൊരുവിധ ഇളവും നൽകാൻ കഴിയില്ല. |
| (ഡി) | കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിലെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ഡി) | തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ വാടകയ്ക്ക് സ്പേയ്സ് അനുവദിക്കുന്നത് ഇ-ടെൻഡറിൽ കെ.റ്റി.ഡി.എഫ്.സി നിശ്ചയിച്ചിരിക്കുന്ന വാടകയ്ക്ക് മുകളിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്ന വ്യക്തികൾ / സ്ഥാപനങ്ങൾക്കാണ്. കൂടാതെ വാടകയുടെ ഇരട്ടി തുക പലിശരഹിത നിക്ഷേപമായി കെ.റ്റി.ഡി.എഫ്.സിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ എല്ലാ മൂന്ന് വർഷം കൂടുമ്പോഴും വാടകയിൽ 15% വർദ്ധനവ് വരുത്തുന്നതാണ്. തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ രണ്ടാം നില മുതൽ പത്താം നില വരെ ചതുരശ്ര അടിക്ക് 30 രൂപയും, വാടകയിൽ 10% വർദ്ധനവുമാണ് കണക്കാക്കുന്നത്. |
| (ഇ) | കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിൽ പിന്നാക്ക വിഭാഗത്തിലുള്ളവർക്ക് മുൻഗണന നല്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കെ.റ്റി.ഡി.എഫ്.സി ഒരു Grant- In -Aid സ്ഥാപനമല്ല. പൊതുജനങ്ങളിൽ നിന്നും പലിശക്ക് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചു കൊണ്ടാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിച്ചിട്ടുള്ളത്. സമയബന്ധിതമായി നിക്ഷേപങ്ങളും പലിശയും തിരികെ നൽകേണ്ട ബാധ്യത കെ.റ്റി.ഡി.എഫ്.സിയ്ക്കുള്ളതിനാൽ ആർക്കും മുൻഗണന നൽകാറില്ല. ഇ-ടെൻഡറിൽ ഏറ്റവും ഉയർന്ന വാടക രേഖപ്പെടുത്തുന്ന വ്യക്തികൾ / സ്ഥാപനങ്ങൾക്ക് ആണ് സ്പേയ്സുകൾ വാടകയ്ക്ക് അനുവദിക്കുന്നത്. ഒരു വിഭാഗത്തിനും നിലവിലുള്ള സാഹചര്യത്തിൽ മുൻഗണന നൽകുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ